# പതിനാലാം കേരള നിയമസഭ
# രണ്ടാം സമ്മേളനം

## നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*93 29.09.2016 ൽ മറുപടിക്ക്

## ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതി

**ചോദ്യം**

**ശ്രീ.യു. ആർ. പ്രദീപ്**
**,, ജോൺ ഫെർണാണ്ടസ്**
**,, പി. ഉണ്ണി**
**,, പി.ടി.എ.റഹീം**

എ) 2015-16 ബജറ്റ് പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ജില്ലാ മുഖ്യ പശ്ചാത്തല വികസന പദ്ധതി (ഡി.എഫ്.ഐ.പി) കൾക്കായി പണം നീക്കിവച്ചിട്ടുണ്ടായിരുന്നോ; എങ്കിൽ ഓരോ പദ്ധതിക്കും എത്ര തുക വീതം നീക്കിവെച്ചിരുന്നുവെന്ന് വ്യക്തമാക്കുമോ;

ബി) ഈ പദ്ധതികൾക്ക് പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തി 1400 കോടി രൂപ അനുവദിക്കുന്നതാണെന്ന പ്രഖ്യാപനത്തിന് അനുസൃതമായി മുൻ സർക്കാർ വിപണിയിൽ നിന്നും ഏതെല്ലാം മാർഗ്ഗത്തിൽ തുക സമാഹരിച്ചിരുന്നു;സമാഹരിച്ച തുകയുടെയും പ്രസ്തുത തുക അനുവദിച്ച പദ്ധതികളുടെയും വിശദവിവരം നൽകുമോ;

**ഉത്തരം**

**ശ്രീ ജി സുധാകരൻ**
**(പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പ് മന്ത്രി)**

എ) & ബി) 2015-16 സാമ്പത്തിക വർഷത്തെ ബജറ്റ് പ്രസംഗത്തിൽ പൊതു വിപണിയിൽ നിന്നും പണം കണ്ടെത്തി 1400 കോടി രൂപ ജില്ലാതല ഫ്ളാഗ്ഷിപ് പദ്ധതികൾക്ക് അനുവദിക്കുന്നതാണെന്ന് ബഹു. ധനകാര്യ വകുപ്പ് മന്ത്രി പ്രഖ്യാപിച്ചിരുന്നു. (ബഡ്ജറ്റ് പ്രസംഗം 17-ാം പേജ് 27-ാം ഖണ്ഡിക). എന്നാൽ പൊതുമരാമത്ത് വകുപ്പിന്റെ ധനാഭ്യർത്ഥന XV ൽ (District Flaghsip Infrastructure Project-DFIP) പദ്ധതികൾക്കായി പ്രത്യേക ശീർഷക ത്തിൽ തുക വകയിരുത്തിയിട്ടില്ല. 10.06.2015-ലെ സർക്കാർ ഉത്തരവ് നമ്പർ 801/15/പൊ.മ.വ പ്രകാരം ഡിസ്ട്രിക്ട് ഫ്ളാഗ്ഷിപ്പ് ഇൻഫ്രാ സ്ട്രക്ചർ പ്രോജക്ട് (DFIP) എന്ന പേരിൽ ഏകദേശം 3771 കോടി രൂപ മതിപ്പ് ചെലവിൽ 21 പദ്ധതികൾ നടപ്പാക്കുന്നതിന് സർക്കാർ തത്വത്തിൽ അനുമതി നൽകു കയുണ്ടായി. ഇതിൽ ഒന്നാം ഘട്ടമായി 10 പ്രവൃത്തികൾക്ക് 1620.30 കോടി രൂപയുടെ മതിപ്പു ചിലവിൽ ഭരണാനുമതിയും പ്രത്യേ കാനുമതിയും സ.ഉ(കൈ)നം.7/2016/പൊ. മ.വ. തീയതി20/02/2016 മുഖേന നൽകി

യിട്ടുണ്ട്. സംസ്ഥാനത്ത് വിൽക്കപ്പെടുന്ന പെട്രോളിനും ഡീസലിനും ഒരു രൂപാ ക്രമത്തിൽ ചുമത്തുന്ന അധിക വിൽപ്പന നികുതിയുടെ 50% വിഹിതമായി വർഷംതോറും ഏകദേശം 200 കോടി രൂപാ ലഭിക്കുമെന്ന് കണക്കാക്കപ്പെട്ടിരുന്നു. ആ തുക ഉപയോഗിച്ച് മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കാമെന്നും സർക്കാർ ഉത്തരവായിരുന്നു. 30.06.2015-ലെ ജി.ഒ. (കൈ) നം. 112/2015/റ്റി.ഡി പ്രകാരം മേൽപ്പറഞ്ഞ അധിക വിൽപ്പന നികുതിയുടെ 50 ശതമാനത്തിന് തുല്യമായ തുക പദ്ധതി നിർവ്വഹണത്തിനായി കേരള റോഡ് ഫണ്ട് ബോർഡിന് ലഭ്യമാക്കുമെന്നും ഉത്തരവായിരുന്നു. എന്നാൽ റോഡ് ഫണ്ട് ബോർഡിനു ഇതുവരെ ഈ ഇനത്തിൽ തുകയൊന്നും നൽകിയിട്ടില്ല. റോഡ് ഫണ്ട് ബോർഡുമായി ഈ പ്രവൃത്തികൾ സംബന്ധിച്ച് യാതൊരു ധാരണാ പത്രവും മരാമത്ത് വകുപ്പ് വെച്ചിട്ടില്ല.

| | | | |
|---|---|---|---|
| സി) | മുൻ സർക്കാർ ഇപ്രകാരം പ്രഖ്യാപിച്ച പദ്ധതികളിൽ ഏതെങ്കിലും ഇപ്പോൾ റദ്ദാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | സി) | റദ്ദാക്കാനുള്ള തീരുമാനമൊന്നും സർക്കാർ കൈക്കൊണ്ടിട്ടില്ല. കൃത്യമായി ഫണ്ട് വകയിരുത്താതെ ഏറ്റെടുത്ത് നടത്താൻ മുൻസർക്കാർ തീരുമാനിച്ച മേൽ പ്രവൃത്തികൾക്ക് ഫണ്ട് കണ്ടെത്തുവാനുള്ള നടപടിയാണ് ഇപ്പോൾ സ്വീകരിക്കുന്നത്. ബഡ്ജറ്റിൽ ഫണ്ടില്ലാതെ **3771** കോടി രൂപയുടെ പ്രവൃത്തികൾ ഏറ്റെടുത്തത് തികച്ചും സാമ്പത്തിക ചട്ടലംഘനമാണ്. അധികാര ദുർവിനിയോഗമാണ്. ജനപ്രതിനിധികൾ ഇതു മനസ്സിലാക്കണം. ജനങ്ങളെ സർക്കാർ കബളിപ്പിക്കരുത്. ജനപ്രതിനിധികൾ ഇത് |

കാണണം. വഴിവിട്ട വികസനമാണ് വലിയ അഴിമതിക്ക് വഴിവച്ചിട്ടുള്ളത്. കഴിഞ്ഞ സർക്കാർ തീരുമാനം വലിയ അഴിമതിക്കു വഴിവയ്ക്കുമായിരുന്നു. പുതിയ സർക്കാർ ശരിയായ നിരീക്ഷണം നടത്തിയാണ് പ്രവൃത്തികൾ തുടരാൻ നിശ്ചയിച്ചത്. വഴിവിട്ട പ്രവർത്തനത്തിന്റെ പേരിൽ പരിശോധന വരുമ്പോൾ ജനങ്ങളെ വഴിതെറ്റിച്ച് പ്രക്ഷോഭങ്ങൾ നടത്താനുള്ള ശ്രമങ്ങൾ നടത്തുന്നത് നല്ലതല്ല.

സെക്ഷൻ ഓഫീസർ